ശ്രീ. പി.ബി.ആർ. പിള്ള: കള്ളനാണയംപോലെ കള്ളനോട്ടും ഉണ്ട്. അതുപോലെതന്നെ നോട്ടടവയ്പ് തുടങ്ങി പാവപ്പെട്ട ആളുകളെ പറഞ്ഞിക്കുന്ന സമ്പ്രദായമില്ലാതാക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.എം. മാണി: ഇങ്ങനെയുള്ള ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം നടത്തുന്നുണ്ട്, നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കള്ളനാണയം, കള്ളനോട്ട് മുതലായകാര്യങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടി ക്രൈംബ്രാഞ്ചിൽ ഒരു പ്രത്യേകവിഭാഗം നിലവിലുണ്ടായിരുന്നു. അതിപ്പോഴും നിലവിലുണ്ടോ? ഇല്ലെങ്കിൽ വീണ്ടും രൂപീകരിക്കാനുള്ള സൻമനസ്സു കാണിക്കുമോ?

ശ്രീ. കെ.എം. മാണി: തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ ഓരോ എസ്.പി. മാരുടെ നേതൃത്വത്തിലും ഒരു സ്പെഷ്യൽ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലും കൗണ്ടർ ഫീറ്റ് സ്കാഡ് പ്രവർത്തിക്കുന്നുണ്ട്. ഈ മൂന്നു കേന്ദ്രങ്ങളിലുമുള്ള എസ്.പി. മാരുടെ നിയന്ത്രണം സ്പെഷ്യൽ ഐ.ജി. ക്രൈം സിനാണ്.

ശ്രീ. പി.സി. ജോസഫ്: നല്ലനോട്ടുകൾക്കു പകരം കൂടുതൽ നോട്ടുകൾകൊടുക്കുന്ന, നോട്ടടവയ്പ് എന്നറിയപ്പെടുന്ന ഒരു പരിപാടി നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗത്തും നടന്നതായി പത്രവാർത്ത ഉണ്ടായിട്ടുണ്ട്. അവ ഇഫക്ടീവായി നിറുത്തൽ ചെയ്യുന്നതിനോ പരിഹാരം കാണുന്നതിനോ ഉള്ള നിയമം ഇന്ന് നമ്മുടെ നാട്ടിലില്ല എന്നുള്ള വസ്തുത കണക്കിലെടുത്തു അതിനൊരു നിയമം കൊണ്ടുവരുന്ന കാര്യം ആലോചിക്കുമോ?

ശ്രീ.കെ.എം. മാണി: നിയമത്തിന്റെ കുറവല്ല, നിയമം ഉണ്ട്. ഇങ്ങനെയുള്ള അടവയ്പുകേസുകൾ പലസ്ഥലങ്ങളിലും ധാരാളം ഉണ്ടെന്നുള്ളതു ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ പരിപാടിക്കു പോകാതിരിക്കാൻ ജനങ്ങളുംകൂടി സൂക്ഷിക്കേണ്ടതുണ്ട്.

മി. സ്പീക്കർ: ഇന്നലെ മറുപടിപറയേണ്ട അടിയന്തിര ചോദ്യത്തിന് മുഖ്യമന്ത്രിക്കു മറുപടി പറയാം.

അടിയന്തിര ചോദ്യം

ബസ്തി സംഭവം

* 832 [2] ശ്രീ. റ്റി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തർപ്രദേശിലെ ബസ്തി എന്ന സ്ഥലത്ത് മലയാളികളായ 5 നേഴ്സുമാരെ മാനഭംഗപ്പെടുത്തിയത് സംബന്ധിച്ചുള്ള അറിവ് ലഭിച്ചതിനുശേഷം കേരള ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരെ മാനഭംഗപ്പെടുത്തിയത് എത്ര പേർ ചേർന്നാണ്; ഇവർ ആരെല്ലാം എന്ന് വ്യക്തമാക്കാമോ;

(സി) കേരളം കേന്ദ്രഗവൺമെൻറിനേയും യു. പി. ഗവൺമെൻറിനേയും വിവരം അറിയിച്ചതിനു ശേഷം എന്തു നടപടികൾ പ്രസ്തുത ഗവൺമെൻറുകൾ സ്വീകരിച്ചു; ലഭിച്ച മറുപടി എന്താണ്;

(ഡി) ഇൻഡ്യയുടെ പല ഭാഗത്തും മലയാളികൾക്ക് നേരിടേണ്ടിവരുന്ന ഇത്തരത്തിലുള്ള അനുഭവങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; ഉത്തർപ്രദേശ് സംഭവത്തെക്കുറിച്ച് അന്വേഷിച്ച് വിവരം ശേഖരിക്കുന്നതിന് കേരളത്തിൽ നിന്നും ഉയർന്ന ഒരു ഉദ്യോഗസ്ഥനെ അയയ്ക്കുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ബസ്തിയിലെ മലയാളികളായ അഞ്ച് (5) നേഴ്സുമാരെ മാനഭംഗപ്പെടുത്തിയതു സംബന്ധിച്ചുള്ള വിവരങ്ങൾ പത്രവാർത്തകളിലൂടെ അറിഞ്ഞതിനെത്തുടർന്ന് ഇക്കാര്യത്തിൽ മലയാളികൾക്കു പൊതുവെയും സംഭവത്തിലുൾപ്പെട്ടവരുടെ ബന്ധുക്കൾക്കു പ്രത്യേകിച്ചുമുള്ള ഭയാശങ്കകൾ കേരള ഗവൺമെൻറ് ഉത്തർപ്രദേശ് മുഖ്യമന്ത്രിയെ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സത്വരമായ അന്വേഷണം നടത്തണമെന്നും ഉത്തർപ്രദേശിൽ ജോലിചെയ്യുന്ന മലയാളികൾക്ക് ആവശ്യമായ സംരക്ഷണം നൽകാൻ നടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത കത്തിൽ യു. പി. മുഖ്യമന്ത്രിയോടഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഹരിശങ്കർ തിവാരി ഗ്രൂപ്പ് എന്നറിയപ്പെടുന്ന കൊള്ള സംഘത്തിൽപ്പെട്ട ഏഴെട്ടുപേർ.

(സി) യു. പി. മുഖ്യമന്ത്രിയുടെ മറുപടി കിട്ടിയിട്ടില്ല. എന്നാൽ ലോക്കൽ പോലീസിൽനിന്നും കേസിൻെറ അന്വേഷണം യു. പി. സി.ഐ.ഡി. ക്രൈംബ്രാഞ്ച് ഏറ്റെടുത്തതായി അറിയുന്നു.

(ഡി) പുറത്തുപോയിട്ടുള്ള മലയാളികൾക്ക് എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുമ്പോൾ കേന്ദ്രഗവൺമെൻറിൽകൂടിയും ബന്ധപ്പെട്ട സംസ്ഥാനഗവൺമെൻറിൽകൂടിയും കഴിയാവുന്ന പരിഹാരനടപടികൾ സ്വീകരിക്കാറുണ്ട്. ഉത്തർപ്രദേശിലേക്ക് നമ്മുടെ ഉദ്യോഗസ്ഥനെ അയയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ടി. എം. ജേക്കബ്: ഓരോ ദിവസം കഴിയുന്തോറും ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽനിന്നു ലഭിച്ചുകൊണ്ടിരിക്കുന്ന വിവരങ്ങളനുസരിച്ച് മലയാളികൾക്കെതിരെയുള്ള ആക്രമണം വർദ്ധിച്ചുവരുന്നതായിട്ടാണ് മനസ്സിലാകുന്നത്. ഇൻഡ്യ ഒന്നാണെന്നും ഇൻഡ്യയിലെ ജനങ്ങളെല്ലാം ഒന്നാണെന്നും പറയാൻപോലും ഇന്നു മലയാളികൾ മടിക്കുന്ന സാഹചര്യം പരിഗണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പ്രധാനമന്ത്രിയോടഭ്യർത്ഥിച്ച് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി സംസ്ഥാനങ്ങൾതമ്മിൽ ഇത്തരത്തിലുള്ള ബന്ധങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. വാസുദേവൻ നായർ: ചില പ്രശ്നങ്ങൾ ചില യിടത്തുണ്ടാകുന്നുണ്ടെന്നുള്ളതു നേരാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചമാതിരിയുള്ള ആശങ്കാജനകമായ സ്ഥിതിയുണ്ടെന്നു ഞാൻ കരുതുന്നില്ല. ചില പ്രത്യേക സംഭവങ്ങളുണ്ടാകുമ്പോൾ നമ്മെക്കൊണ്ടു കഴിയുന്ന തരത്തിൽ ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായി ഇടപെട്ട് നടപടിയെടുക്കുന്നുണ്ട്. പ്രധാനമന്ത്രിയെയും വിവരമറിയിച്ചിട്ടുണ്ട്. പലകാര്യങ്ങളിലും സംസ്ഥാനഗവൺമെൻറും കേന്ദ്രഗവൺമെൻറും സത്വരനടപടികൾ എടുക്കുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട്, ഈ സന്ദർഭത്തിൽ ഇതിൽക്കവിഞ്ഞ എന്തെങ്കിലും നടപടി യെടുക്കണമെന്നെനിക്കു തോന്നുന്നില്ല.

ശ്രീ. ടി. എം. ജേക്കബ്: സർ, വളരെ ക്രൂരമായ നിലയിലാണ് മലയാളികളായ നമ്മുടെ സഹോദരിമാരോടു പെരുമാറിയത്. ഇവർക്ക് നമ്മുടെ ഡിപ്പാർട്ടുമെൻറിലേക്ക് സ്ഥലം മാറ്റംകൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതൊന്നും ആവശ്യമില്ലാത്ത കാര്യങ്ങളാണ്. അങ്ങനെയൊന്നും ഈ പ്രശ്നത്തെ സമീപിക്കാൻ സാദ്ധ്യമല്ല. നമ്മുടെ ഐ.ജി., യു.പി.യിലെ ഉയർന്ന പോലീസു ദ്യോഗസ്ഥൻമാരുമായി ബന്ധപ്പെടുകയുണ്ടായി. അവരിൽനിന്നും കിട്ടിയ വിവരമിതാണ്. ഈ പറയുന്ന പ്രദേശത്ത് രണ്ടു കൊള്ള സംഘങ്ങൾ അന്യോന്യം വകവരുത്താൻവേണ്ടി പ്രവർത്തിച്ചു കൊണ്ടിരി ക്കുകയാണ്. അതിൽ ഒരു സംഘത്തിൽപ്പെട്ട ഏഴെട്ടുപേരാണ് ആക്രമം നടത്തിയത്. അവരുടെ എതിരാളികളിൽപ്പെട്ട ഒരാൾക്ക് ഈ ഹോസ്റ റ ലിൽ ചില അവിഹിതബന്ധങ്ങളുണ്ടെന്നും മറ്റും പറഞ്ഞുകൊണ്ട് അയാളെ ആക്രമിക്കാൻ ഈ ആളുകൾ ചെന്നു എന്നാണ് ഇപ്പോഴത്തെ കഥ. ചെന്നതിനുശേഷം നേഴ്സുമാരുടെ മുറിയിൽ കടന്നുകയറുകയും അരമണിക്കൂർ നേരത്തേക്ക് പെട്ടെന്ന് ലൈറ്റ് ഇല്ലാതാകുകയും ചില സംഭവങ്ങൾ നടക്കുകയും ചെയ്തു. ആദ്യം പരാതിപ്പെട്ടപ്പോൾ മാന ഭംഗപ്പെടുത്തലൊന്നും നടന്നിട്ടില്ല എന്ന് നേഴ്സുമാർതന്നെ പറഞ്ഞു. അവസാനം യു.പി.യിലെ ക്രൈംബ്രാഞ്ച് തന്നെ നേരിട്ട് ഈ കേസ്സ് ഏറ്റെടുത്തു കൂടുതൽ അന്വേഷണം നടത്തിയപ്പോഴാണ് അങ്ങനെയു മൊരു പരാതിയുണ്ടെന്നു മനസ്സിലായത്. ഈ അന്വേഷണം ഇപ്പോഴും യു.പി.യിലെ ഏറ്റവും ഉയർന്ന പോലീസുദ്യോഗസ്ഥൻമാരാണ് നടത്തുന്നത് എന്നാണ് എനിക്കുകിട്ടിയ വിവരം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ബസ്തിയിൽ നടന്ന സംഭവത്തിൽ നമുക്കൊക്കെ ഖേദമുണ്ട്. അപമാനമുണ്ട്. ഈ രാജ്യത്തെ ഒരു പ്രമുഖ വാരികയായ ബ്ലിറ്റ്സിൽ ഇതു ചിത്രങ്ങൾ സഹിതം പ്രസിദ്ധീകരി ച്ചിട്ടുണ്ടായിരുന്നു. അതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിൽ സത്യം വല്ലതുമുണ്ടോ എന്നു പരിശോധിക്കാൻ തയ്യാറാകുമോ, നാട്ടിനപ മാനകരമാണോ എന്നു പരിശോധിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബ്ലിറ്റ്സ് റിപ്പോർട്ട് എൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യു. പി. പോലീസിൽനിന്നും ഔദ്യോഗികമായി കിട്ടിയ റിപ്പോർട്ട് എൻറെ കൈയിലുണ്ട്. ആ റിപ്പോർട്ടിൻറെ പശ്ചാ ത്തലമാണു ഞാൻ പറഞ്ഞത്. ആദ്യം ഇങ്ങനെയൊരു പരാതി ഉണ്ടായിരു ന്നില്ല. സാധാരണഗതിയിൽ സ്ത്രീകൾ ഇങ്ങനെയൊരു പരാതി പറയാ

LIBRARY ARCHIVES Kerala Legislative Assembly

നിഷ്ടപ്പെടുകയില്ലെന്ന കാര്യം നമുക്കെല്ലാവർക്കുമറിയാമല്ലോ. എന്നാൽ യു. പി. യിലെ ഏറ്റവും ഉയർന്ന പോലീസുദ്യോഗസ്ഥൻമാർതന്നെ നേരിട്ടു കണ്ടു റിപ്പോർട്ടു വാങ്ങിച്ചപ്പോഴാ കൂടുതൽ സത്യാവസ്ഥ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഈ അന്വേഷണം ഉയർന്ന പോലീസുദ്യോഗസ്ഥൻമാർ (യു. പി.യിലെ) നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ജെ. ജോസഫ്: ഈ കൊള്ളസംഘത്തിൽപ്പെട്ട അക്രമികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ? ഈ സംഭവം നടക്കുന്നതിന് പത്തു ദിവസംമുൻപ് പാറ്റ്നാക്കടുത്തുള്ള ഒരു അനാഥാലയം ആക്രമിക്കുകയും കൊച്ചുകുട്ടികളെയുൾപ്പെടെയുള്ളവരെ ഉപദ്രവിക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതും കേരളീയർ നടത്തുന്ന ഒരു അനാഥാലയമാണ്. എല്ലാ പത്രത്തിലും വന്നതാണ്. ഇങ്ങനെ പ്രകടമായി നടത്തിക്കൊണ്ടിരിക്കുന്ന ഈ ആക്രമണങ്ങൾ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ നടപടിയെടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അവിടെയൊക്കെയുള്ള കൊള്ള സംഘങ്ങളും അവർ തമ്മിലുള്ള കലാപങ്ങളും നിയമസമാധാനപ്രശ്നങ്ങളുമൊക്കെ നമുക്കെല്ലാം അറിയാവുന്നതാണ്. പലതും നടക്കുന്നുണ്ട്. അതിനകത്തെല്ലാക്കെ നാം എന്തെങ്കിലും ചെയ്യുന്ന പ്രശ്നമില്ല. നമുക്കിവിടെ പ്രശ്നം നമ്മുടെ സഹോദരിമാരുടെ കാര്യത്തിലാണ്. ആ അടിസ്ഥാനത്തിൽമാത്രമേ അതു കൈകാര്യം ചെയ്യാനൊക്കുകയുള്ളൂ. യു. പി.യിൽ നടക്കുന്ന എന്തെങ്കിലും പ്രശ്നങ്ങളോ നിയമസമാധാന പ്രശ്നങ്ങളോ നമുക്കൊരു പ്രശ്നമാകുന്നേ പടില്ല. അറസ്റ്റു ചെയ്തതിനെപ്പറ്റി ചോദിച്ചല്ലോ. മൂന്നുപേരെ അറസ്റ്റുചെയ്തിട്ടുണ്ട്. രണ്ടുപേർ നേരിട്ടു ഹാജരായി കീഴടങ്ങിയിട്ടുണ്ട്. ഇതാണ് വിവരം.

ശ്രീ. പി. സി. ജോസഫ്: പല സംസ്ഥാനങ്ങളിലും ഇതുപോലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ നടക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പാറ്റ്നായിലെ ബസ്റ്റാന്റിൽ പുഷ്പ എന്ന മലയാളി കന്യാസ്ത്രീയുൾപ്പെടെയുള്ള ആളുകളെ അക്രമിച്ചത് വർഗ്ഗീയ സ്വഭാവത്തോടുകൂടിയതെന്നും കൊള്ളസ്വഭാവം മാത്രമല്ലെന്നുമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ന്യൂനപക്ഷ സമുദായങ്ങളുടെ നേരെ നടത്തുന്ന ഇത്തരം ഹീനമായ ആക്രമണങ്ങൾ തടയാൻവേണ്ടി നമ്മുടെ ഗവൺമെന്റിന്റെ ഉൽക്കണ്ഠ പ്രധാനമന്ത്രിയെ അറിയിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇതുപോലെയുള്ള പ്രശ്നങ്ങളിൽ നമ്മുടെ അഭിപ്രായം വളരെ വ്യക്തമാണ്. ന്യൂനപക്ഷമതങ്ങൾക്കും സമുദായങ്ങൾക്കും എതിരേ ഈ രാജ്യത്തെവിടെ ആക്രമണമുണ്ടായാലും നമ്മൾക്കു വളരെ ശക്തിയായ എതിർപ്പാണുള്ളത്. അതേപ്പറ്റിയുള്ള നമ്മുടെ അഭിപ്രായം പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. തീർച്ചയായും പ്രധാനമന്ത്രിയെക്കാണുമ്പോൾ ഇതറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly